പതിനാലാം കേരള നിയമസഭ

**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.410 | 29.11.2018-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ. വി.പി. സജീന്ദ്രൻ

**മറുപടി**

ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**സംസ്ഥാനത്തിന്റെ ധനസ്ഥിതി**

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്താമോ; | അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം (2018-19) സെപ്റ്റംബർ 30 വരെയുള്ള കാലയളവിലെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 23,057.13 കോടി രൂപയും, ആകെ റവന്യൂ വരുമാനം 40,009.47 കോടി രൂപയുമാണ്. ഈ ഇനങ്ങളിൽ മുൻ വർഷത്തെ അപേക്ഷിച്ച് യഥാക്രമം 11.03%, 17.62% വർദ്ധനവ് കൈവരിച്ചിട്ടുണ്ട്. ആകെ ചെലവിൽ 9.05% ന്റെ വളർച്ചയുണ്ടായിട്ടുണ്ട്. അതേ സമയം റവന്യൂ കമ്മിയിലും ധന കമ്മിയിലും യഥാക്രമം 9.97%, 6.07% കുറവ് വരുത്തുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ ഇനങ്ങളിലായി ഉണ്ടായ വരവ്, ചെലവ് എന്നിവ എത്രയെന്ന് അറിയിക്കാമോ; | അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 2017-18 സാമ്പത്തിക വർഷത്തെ റവന്യൂ വരവ് 83,020.14 കോടി രൂപയും, വിവിധ ഇനങ്ങളിലായുള്ള ചെലവ് 1,08,697.22 കോടി രൂപയുമാണ്. |
| (സി) | കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ സമാഹൃത വിഭവങ്ങളിൽ വികസനത്തിനു വേണ്ടി ചെലവഴിച്ചത് എത്ര കോടി വീതമാണെന്ന് വ്യക്തമാക്കാമോ; | അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ സമാഹൃത വിഭവങ്ങളിൽ വികസനത്തിനു വേണ്ടി സോഷ്യൽ സർവ്വീസ് ഇനത്തിൽ 35,876.27 കോടി രൂപയും, ഇക്കണോമിക് സർവ്വീസ് ഇനത്തിൽ 11,351.08 കോടി രൂപയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ചെലവുകൾക്കായി 5,752.18 കോടി രൂപയും, മൂലധന ചെലവിനത്തിൽ 8,748.87 കോടി രൂപയും ചെലവഴിക്കുകയുണ്ടായി. |
| (ഡി) | 2018-19 സാമ്പത്തിക വർഷത്തെ മൂലധനച്ചെലവ് പ്രതീക്ഷിച്ചത് എത്രയാണെന്നും യഥാർത്ഥത്തിൽ ഇതുവരെ ഉണ്ടായ മൂലധനച്ചെലവ് എത്രയാണെന്നും അറിയിക്കാമോ? | 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ച മൂലധന ചെലവ് 10,330.31 കോടി രൂപയും, അക്കൗണ്ടന്റ് ജനറലിന്റെ 2018 സെപ്റ്റംബർ 30 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം ഇത് 3,132.12 കോടി രൂപയുമാണ്. |

**അക്കൗണ്ട്സ് ഓഫീസർ**